# ആധുനിക വൈദ്യശാസ്ത്രത്തിലെ പൊരുത്തക്കേടുകൾ

ഡോ. എം. ആർ. ഗോവിന്ദൻ

ശാസ്ത്രീയമായി, യുക്തിസഹമായി രോഗങ്ങളെ നിർവചിക്കുകയും അവയുടെ കാരണങ്ങൾ കണ്ടുപിടിച്ച് പ്രതിരോധനിവാരണ ക്രമങ്ങൾ ചിട്ടപ്പെടുത്തുകയും രോഗഗതികൾ വിശകലനം ചെയ്ത് തിട്ടപ്പെടുത്തുകയും ചെയ്യുന്നൊരു ചികിത്സാശാഖയാണ് അലോപ്പതി. പക്ഷെ നിർവ്വചനങ്ങൾ മാറിക്കൊണ്ടിരിക്കുകയും കാരണങ്ങൾ പലതും പുനർനിർണ്ണയത്തിന് വിധേയമായിക്കൊണ്ടിരിക്കുകയും ഔഷധങ്ങൾ തന്നെ മാറ്റപ്പെടുകയോ പരിഷ്ക്കരിക്കപ്പെടുകയോ ചെയ്തുകൊണ്ടിരിക്കുന്ന പ്രതിഭാസത്തെ ശരിയായ വിധത്തിൽ കൈകാര്യം ചെയ്യാതിരിക്കുമ്പോൾ ആ ശാസ്ത്രത്തിന്റെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടുന്നു. ഇത്തരം മാറ്റങ്ങളെ ഉൾക്കൊള്ളുന്നതിനുള്ള സാവകാശമോ, വിജ്ഞാനസ്രോതസ്സുകളോ ഒരു ശരാശരി ഇന്ത്യൻ ഭിഷഗ്വരന് കിട്ടുന്നില്ല. ഫലമോ? ഇന്ത്യൻ ഗ്രാമങ്ങളിൽ കാലഹരണപ്പെട്ട ചികിത്സാരീതികളോ രോഗനിർണ്ണയങ്ങളോ അവലംബിക്കപ്പെട്ട് ശാസ്ത്രനേട്ടത്തിന്റെ ഗുണഫലങ്ങൾ എത്താത്തൊരു സ്ഥിതിവിശേഷം സൃഷ്ടിക്കപ്പെടുന്നു.

### അഹന്തക്കൊരു ഷോക്ക്

തന്റെ ശാസ്ത്രത്തിൽ പരാമർശിക്കപ്പെടാത്ത ചികിത്സാവിധികൾ മറ്റുമേഖലകളിൽ ഉണ്ടാകാനിടയില്ല എന്നൊരു സാമാന്യ വിലയിരുത്തലിൽ തനിക്ക് വഴങ്ങാത്തതും മറ്റുള്ളവർ (ആൾട്ടർനേറ്റീവ്) ഏറ്റെടുത്ത് ഫലവത്താക്കാമെന്ന് അവകാശപ്പെടുകയും ചെയ്യുന്നൊരു രോഗിയെ, അത്തരം ചികിത്സക്ക് ഔദ്യോഗികമായി റഫർ ചെയ്യുന്നതിൽ വിമുഖരായിത്തീരുന്നു. രോഗിയുടെ സ്വാസ്ഥ്യം കാംക്ഷിക്കുന്നൊരു ഡോക്ടർക്ക് ഇത്തരം അജ്ഞതയുടെ അഹന്താശകലങ്ങൾ ഭൂഷണമല്ല.

### ചികിത്സയുടെ തുടക്കം

ഏത് തരം അസ്വാസ്ഥ്യവും ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം ഭീതിജനകമാണ്. അവനതിൽ പ്രതിവിധി കിട്ടിയേ തീരൂ. ഭൂരിപക്ഷവും ഡോക്ടറെ സമീപിക്കുന്നു. ഒരു വിഭാഗം അന്ധവിശ്വാസത്തിന്റെ പടുകുഴിയിൽ നിന്ന് കരകയറാനാവാതെ മന്ത്രവും ജപവും ജ്യോതിഷവും പിന്നെ കുറേ *പ്രാണിക്, റെയ്കി മുതലായ അത്യന്താധുനിക ഹൈടെക്ക് ധ്യാനമുറകളുമായി അഭിരമിച്ച് പോകുന്നു. വെറും മാനസിക പ്രക്രിയകളുടെ വിവിധ തരത്തിലുള്ള ആവിഷ്ക്കാരങ്ങളിലൂടെ സംജാതമാകുന്ന ലക്ഷണസമുച്ചയങ്ങളെ ഉദ്ദേശിച്ചിറക്കിയിരിക്കുന്ന രീതികളാണ് ഈ റെയ്കിയും പ്രാണിക്കും മാഗ്നറ്റുമൊക്കെ. ദൂരെയിരുന്ന് കോസ്മിക്ക് രശ്മികളിലൂടെയോ തരംഗപ്രവാഹങ്ങളിലൂടെയോ മറ്റൊരാളുടെ ആന്തരികശക്തി പ്രവാഹത്തെ തിരിച്ചുവിടുകയോ പകരം വയ്ക്കുകയോയെന്ന വാചോടാപത്തിലൂടെ ഇത്തരം ജാഡവൈദ്യങ്ങൾ പാവം പിടിച്ചവന്റെ പോക്കറ്റിൽ കൈയ്യിടുന്നില്ല. അവന്റെ മനസ്സിനെ അടിപ്പെടുത്തി എല്ലാതരം ബോധനങ്ങൾക്കും ഇരകളാക്കിതീർക്കുന്നെന്നു മാത്രം. സ്വന്തമായൊരു ചിന്താസരണി നഷ്ടപ്പെടുന്ന ഇത്തരമാളുകളാണ് മൂല്യച്യുതിക്കെതിരെ ധാർമ്മികരോഷമുയരുമ്പോൾ ബഹുഭൂരിപക്ഷത്തിനൊപ്പം എതിർദിശയിലേക്കു നീങ്ങുന്നത്.



ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്ന പ്രധാന വൈദ്യശാഖകളിലെ കരുക്കൾ സ്ഥലപരിമിതി മൂലം വിശദീകരിക്കപ്പെടുന്നില്ല. അലോപ്പതിയെക്കുറിച്ചു മാത്രം പരാമർശിച്ചുപോകാം.

അരോഗമായ ഒരു ശരീരമോ സമൂഹമോ ഒരിക്കലും അതിന്റെ ആത്യന്തിക നിർവ്വചനത്തിൽ ഉണ്ടാകുന്നില്ല. പക്ഷേ, മനുഷ്യന്റെ ആഗ്രഹം എന്നും അത്തരമൊരു സ്വസ്ഥലബ്ധിയിലേക്കാണ് പോകുന്നത്. അതുകൊണ്ട് അവൻ വൈദ്യനെ സമീപിക്കുന്നത് രോഗത്തിന്റെ ലഘു-ഗുരുത്വങ്ങൾ വിലയിരുത്തിയിട്ടല്ല. അങ്ങിനെയൊരു വിവേചനബോധം സാധാരണക്കാരിൽ പിടിപെടാതിരിക്കാൻ വൈദ്യസമൂഹമാകെ അബോധതലത്തിലെങ്കിലും ആഗ്രഹിക്കുന്നു. ഒരു പക്ഷേ ജീവിതത്തിന്റ ത്വരയായിരിക്കണം – മറ്റേതു ഉപജീവനദിശയിലുമുള്ളതുപോലെ. ചികിത്സയുടെ ആശാവലയത്തിലെന്നു കരുതി ഒരു തരം മോഹവലയത്തിലേക്കാണയാൾ പോകുന്നത്.

### പരിശോധനകളുടെ കുരുക്ക്

ഉപഭോക്തൃ കോടതികളുടെ പേടിപ്പെടുത്തുന്ന ഉൾഭയത്താൽ പരിശോധകൾക്കും ചികിത്സകർക്കും, ഒരപചയവും പറ്റാതിരിക്കാൻ മുൻകരുതൽ നേടുകകൂടിയാണ് പരിശോധന പരമ്പരകളുടെ വേലിയേറ്റത്തിൽ പ്രകടമാകുന്നത്. രണ്ട് ഉദാഹരണങ്ങൾ നോക്കുക.

#### സാധാരണ വയറുവേദന

സാദ്ധ്യതകൾ- 1. സാധാരണ വേദനപോലെ അല്പസമൃദ്ധിക്കുള്ള ചികിത്സകൊണ്ടത് ഭേദമാകുന്നു. 2. അർബ്ബുദത്തിന്റെ തുടക്കമാണെങ്കിലോ? ആയിരക്കണക്കിന് രൂപക്കുള്ള പരിശോധനകൾക്ക് തുടക്കമായി- മാത്രമല്ല മാനസികവേവലാതികൾ വേറെയും. ആർക്ക്, ആരെ കുറ്റം പറയാനാകും? കഷ്ടകാലത്തിന് കുറച്ച് കാലങ്ങൾക്കു ശേഷം ഈ വേദന അർബ്ബുദത്തിന്റെ തുടക്കമായിരുന്നെന്ന് തെളിഞ്ഞു വന്നാൽ ആദ്യം ചികിത്സിച്ചവൻ ആവശ്യത്തിന് പരിശോധനകൾ നടത്താതിരുന്നതിന്റെ കുറ്റവും പാപവും ഏൽക്കേണ്ടിവരില്ലേ? പക്ഷേ, സാധാരണ പരിശോധനയിൽ ഭൂരിഭാഗവും ശരിയായ രോഗനിർണ്ണയം നടത്താമെന്നിരിക്കേ, ആധുനിക സാങ്കേതിക വിസ്ഫോടനത്തിന്റെ ഭാഗമായെത്തുന്ന പരിശോധനാ സാമഗ്രികളിലൂടെ ഈ നിസ്സഹായനെ ക

ടത്തിവിട്ട് സാമ്പത്തികമായി, രോഗത്തേക്കാൾ ഭീകരമായ നിസ്സഹായാവസ്ഥയിലാക്കുന്നതിന്റെ ധാർമ്മിക ചുമതല ഡോക്ടർക്കായിപ്പോകില്ലേ? എത്ര അത്യന്താധുനിക പരിശോധനകൾ കഴിഞ്ഞിട്ടും ചെറിയൊരു ശതമാനം രോഗനിർണ്ണയം സാധ്യമാകാത്ത അവസരങ്ങൾക്കൂടെയുണ്ടാകുമെന്നോർക്കുമ്പോൾ ഒരു വ്യർത്ഥതാബോധം നമ്മെ പിടികൂടില്ലേ? ഇത്തരം സന്ദർഭങ്ങളിൽ ശരിയായ വിധത്തിൽ രോഗിയെ വിവരങ്ങൾ പറഞ്ഞ് ധരിപ്പിച്ച്, പരിശോധനകളുടേയും ചികിത്സയുടേയും പരിമിതികൾ ബോദ്ധ്യപ്പെടുത്തി, മിഥ്യാമോഹങ്ങൾക്കിടം നൽകാതെ, അവരുടെ അറിഞ്ഞുള്ള സമ്മതത്തോടു കൂടി ചികിത്സ തുടങ്ങുകയാണെങ്കിൽ ഒരു ഊരാക്കുടുക്ക് ഒഴിവാക്കാനാകും.

മൂല്യത്തകർച്ചയുടെ നിസ്സഹായതയിൽ ചികിത്സയുടെ ദുർവ്വഹഭാരംലഘൂകരിക്കാൻ ഇനിയാർക്കാകും? ഡോക്ടർ സമൂഹത്തിന് കുറച്ചെങ്കിലും ആകുമെന്നതാണ് യാഥാർത്ഥ്യം.

'സെൽഫ് ഓഡിറ്റി'ങ്ങിലൂടെ കുറിപ്പടികളെ ശാസ്ത്രീയമാക്കുകയാണ് ആദ്യപടി. അത്യാവശ്യമുള്ളവർക്കു മാത്രം നിർദ്ദേശിക്കാനുള്ള ദൃഢനിശ്ചയമാണ് ആർജ്ജിക്കേണ്ടിയിരിക്കുന്നത്. അത്യാവശ്യമുള്ളവയേതെന്ന് നിശ്ചയിക്കുന്നതിൽ തെറ്റ് പറ്റുന്നുണ്ടോ എന്നറിയാൻ ഒരു സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയരാവുകയാണ് അടുത്ത പടി. വിദഗ്ധരായ ഒരു കൂട്ടം ഡോക്ടർമാരുടെ പാനലുണ്ടാക്കി സംശയങ്ങൾ ദൂരീകരിക്കാൻ സ്വയം സന്നദ്ധമാകാം. അതല്ലെങ്കിൽ ആ പാനലിനെ, ഏതെങ്കിലും ബന്ധപ്പെട്ട പൗരന് സംശയങ്ങൾ തീർക്കാൻ സമീപിക്കാം. ഇത്തരം സംവിധാനങ്ങൾ നിലവിൽ വന്നാൽ കാലാകാലങ്ങളിൽ ഔഷധരംഗത്തുണ്ടാകുന്ന മാറ്റങ്ങൾ അറിയാനാകും. മറ്റെല്ലായിടത്തും നിരോധിച്ചുകഴിഞ്ഞ മരുന്നുകൾ നമ്മൾ ഉപയോഗിക്കുന്നതിന്റെ അധാർമ്മികത അങ്ങിനെ മാറ്റിയെടുക്കാൻ കഴിയും. ഗവൺമെന്റുകൾ നിരോധിക്കുന്നത്, ഉല്പാദിപ്പിച്ചു കഴിഞ്ഞ മരുന്നുകൾ വിറ്റഴിക്കാൻ സമയം അനുവദിച്ചുകൊ[illegible]ണ്, വിരോധാഭാസത്തിന് മറ്റെവിടെപ്പോകണം? ഇത്തരം അറിവുകൾ നമുക്ക് ഉപയോഗിക്കാൻ സാധിക്കണം. ഒരു ഗവൺമെന്റിന്റെ നിരോധനത്തിനും കാത്തുനിൽക്കാതെ, ശാസ്ത്രസമൂഹം അപകടകാരികളെന്നു കണ്ടെത്തുന്ന ഔഷധങ്ങൾ എഴുതാതിരിക്കാൻ സ്വയം സന്നദ്ധരാവണം.

*ധന്യ, സെന്റ് മേരീസ് കോളേജ് റോഡ്, തൃശ്ശൂർ-20*


കാഞ്ചന തൈലം
പിഞ്ചോമനകളുടെ പൂവിതൾ മേനിക്ക് വൈദ്യശാസ്ത്രം അംഗീകരിച്ച 100% സുരക്ഷിതവും മൃദുലവുമായ ഏക ആയുർവ്വേദ ബേബി ഫെയർനെസ്സ് മസ്സാജ് ഓയിൽ.

മഹാകാഞ്ചന തൈലം -
സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രായഭേദമന്യേ ഉപയോഗിച്ച് ശാശ്വതമായ നിറവർദ്ധനവും ചർമ്മരോഗമുക്തിയും നേടിയെടുക്കുവാനുള്ള ആയുർവ്വേദ ഫെയർനെസ്സ് മസ്സാജ് ഓയിൽ

Marketed by : SV Pharmaceuticals, Krishnavihar Colony, Panampilly Nagar, Cochin-36. Ph: 294985





# Gandhiji said:

*"All compromise is based on give and take, but there can be no give take on fundamentals..."*
**1940**

*We make no compromise on fundamentals, quality of medicines and treatments.*

# Vaidyamadham

**Vaidyasala & Nursing Home, Mezhathur, Trithala- 679 534, Kerala, India.**
Phone: (0492)672004, 672255 (Off), 671616(Fax) e-mail: >*vaidyamadham@satyam.net.in*<
Chief Physician
**Ashtavaidyan Vaidyamadham Cheriya Narayanan Namboodiri**